
GOVT.H.S.S
KAZHAKUTTOM
PRESENTS
ലിറ്റിൽ കൈറ്റ്സ് 2018-19
വിസ്മയത്തുമ്പത്ത്
ഗവ.എച്ച്.എസ്.എസ്.കഴക്കൂട്ടം
രജി.നമ്പർ lk/2018/43008


GOVT.H.S.S KAZHAKUTTOM
PTA 1989

# സാരഥികൾ

പ്രിൻസിപ്പാൾ
സി.കെ അജിത

ഹെഡ്മിസ്ട്രസ്
ജെ. സബീന ബീഗം





## ആശംസകളോടെ....

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപര്യത്തെ പരിപോഷിപ്പിച്ച്, അത്തരം സാങ്കേതിക വിദ്യകളും സോഫ്റ്റവെയറുകളും കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരളാ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന ഒരു പദ്ധതിയാണ് "ലിറ്റിൽ കൈറ്റ്സ്". അതിൽ ഭാഗമാകുവാൻ ഈ സ്കൂളിന് കഴിഞ്ഞതിൽ അതീവ സന്തോഷമുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. അതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യം സമ്പൂർണ്ണ ഫലത്തിലെത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു....

ഹെഡ്മിസ്ട്രസ്സ്
ജെ. സബീന ബീഗം

## ആശംസയോടെ....

ഭൂലോകവിജ്ഞാനം സാങ്കേതിക മികവിലൂടെ കരതലാമലകം പോലെ സമകാലിക ജീവിതത്തിൽ വിരൽത്തുമ്പിലെത്തിയിരിക്കുന്നു.സർഗ്ഗവൈഭവത്തിന്റെ മേൽപ്പൊടിക്കൂടി ചേരുമ്പോൾ അത് കുട്ടികളിൽ അറിവിന്റെ നെറുകയിലെത്താൻസഹായകമാകുന്നു.മനുഷ്യജ്ഞാനം സാങ്കേതികമികവിലൂടെ എല്ലാ കുട്ടികളിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന "ലിറ്റിൽ കൈറ്റ്സിന് "സർവ്വവിധ ആശംസകൾ നേരുന്നു.

ഭുവനേന്ദ്രൻ.സി
വിദ്യാരംഗം കൺവീനർ

# പ്രവർത്തന റിപ്പോർട്ട്

ആധുനിക സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് സ്കൂൾ പ്രവർത്തനങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്.അതിനുതകുന്ന തരത്തിൽ സ്കൂൾ പാഠ്യപദ്ധതിയിൽ വിവരവിനിമയ സാങ്കേതികവിദ്യ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ രംഗത്ത് താൽപര്യം അഭിരുചിയുമുള്ള കുട്ടികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.ഈ ലക്ഷ്യത്തോടുകൂടി കേരള ഇൻഫ്രാസ്ട്രക്ചർ ടെക്നോളജി ഫോർ എഡ്യുക്കേഷൻ[KITE]ന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിച്ച ഐ.റ്റി.കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ് '.

2018 ജനുവരി മാസത്തിൽ 8-ാം ക്ലാസിൽ നിന്നും ഐ.റ്റിയിൽ താൽപര്യവും അഭിരുചിയുമുള്ള മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ 20 കുട്ടികളെ തിരഞ്ഞെടുക്കുകയും സ്കൂൾ യൂണിറ്റിനു വേണ്ടി KITE ൽ അപേക്ഷിക്കുകയും ചെയ്തു.തുടർന്ന് LK/2018/43008 എന്ന രജിസ്റ്റർ നമ്പർ പ്രകാരം യൂണിറ്റ് അനുവദിക്കപ്പെടുകയും ചെയ്തു.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുന്നതിന് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും വേണ്ടി 'കൈറ്റ് മിസ്ട്രസ്സ് 'മാരായി രശ്മി.പി.എസ്(എച്ച്.എസ്.ടിസോഷ്യൽസയൻസ്) ബബിത.ബി

(എച്ച്.എസ്.ടിഫിസിക്കൽസയൻസ്)എന്നീ അദ്ധ്യാപികമാരെ ചുമതലപ്പെടുത്തി.

ഏപ്രിൽ,ജൂൺ മാസങ്ങളിൽ അദ്ധ്യാപകർ KITE ന്റെ നേതൃത്വത്തിൽ ഉള്ള പരിശീലനങ്ങളിൽ പങ്കെടുത്തു.

- ജൂണിൽ സ്കൂൾതല നിർവഹണ സമിതി രൂപീകരിച്ചു.
- അംഗങ്ങൾ-സ്കൂൾ പി.ടി.എ.പ്രസിഡന്റ്, എച്ച്.എം, എം.പി.ടി.എ.പ്രസിഡന്റ്,പി.ടി.എ.വൈസ് പ്രസിണ്ടന്റ്, ലിറ്റിൽ കൈറ്റസ് മിസ്ട്രസ്സമാർ,എസ് ഐ ടി സി,ലിറ്റിൽ കൈറ്റ്സ് ലീഡർ,ഡെപ്യൂട്ടി ലീഡർ
- കൈറ്റിന്റെ നെയിംബോർഡ് സ്ഥാപിക്കുയും ഐ.ഡി.കാർഡ് വിതരണം ചെയ്യുകയും ചെയ്തു.
- എല്ലാ ബുധനാഴ്ച്ചയും വൈകുന്നേരം 3.30 മുതൽ 4.30 വരെ KITE അംഗങ്ങളുടെ പരിശീലനം നടക്കുന്നു
- ഒന്നാംഘട്ട പരിശീലനം ജൂൺ മുതൽ ഓഗസ്റ്റ് വരെ നടത്തി പരിശീലനമേഖലകൾ-ഗ്രാഫിക്സ് ആന്റ് അനിമേഷൻ സ്ക്രാച്ച്
- ജൂൺ 26 ന് ശ്രീമതി.ശശിപ്രഭ ടീച്ചറിന്റെ നേതൃത്വത്തിൽ അനിമേഷൻ ഇൻങ്ക്സ്കേപ്പിൽ ക്ലാസ് നടത്തി.
- ആഗസ്റ്റ് 15 ന് ഏകദിന ക്യാമ്പ് കൈറ്റ് മിസ്ട്രസ്സമാരുടെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ നടത്തി.പരിശീലന വിഷയങ്ങൾ-ഒഡാസിറ്റി,ഓപ്പൻ ഷോട്ട് വീഡിയോ

എഡിറ്റർ.

- സെപ്റ്റംബർ 19 ന് രണ്ടാംഘട്ട പരിശീലനം ആരംഭിച്ചു
- വിഷയങ്ങൾ-മലയാളം കമ്പ്യൂട്ടിംഗ് ആന്റ് ഇന്റർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ്.
- അനിമേഷൻ ആന്റ് ഗ്രാഫിക്സ്, സ്ക്രാച്ച് എന്നീ വിഷയങ്ങളിൽ സെപ്റ്റംബർ29,30 തീയതികളിൽ ഗവ.എച്ച്.എസ്.എസ്. കഴക്കൂട്ടം സ്കൂളിൽ വച്ച് നടത്തിയ ഉപജില്ലാ ക്യാമ്പിൽ ഈ സ്കൂളിൽ നിന്നും ആറ് അംഗങ്ങൾ പങ്കെടുത്തു.
- ജനവരിയിൽ മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.
- വിഷയങ്ങൾ പൈത്തൺആന്റ് ഇലക്ട്രോണിക്സ്, റോബോട്ടിക്സ് ,ഹാർഡ് വെയർ.

ഈ മാഗസിന്റെ നിർമ്മാണത്തിനാവശ്യമായ പ്രവർത്തനങ്ങൾ സെപ്റ്റംബർ മുതൽ ആരംഭിച്ചു. കുട്ടികളുടെയും അധ്യാപകരുടെയും സാഹിത്യ സൃഷ്ടികൾ സമാഹരിച്ചു.അധ്യാപകരുടെ സഹായത്തോടെ സാഹിത്യ സൃഷ്ടികൾക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തി കുട്ടികൾ ജിമ്പ്,ഇങ്ക്സ്കേപ്,ലിബർ ഓഫീസ് റൈറ്റർ എന്നീ സോഫ്റ്റവെയറുകളുടെ സഹായത്തോടെ ഈ മാഗസീൻ തയ്യാറാക്കി.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക് സ്കൂളായി മാറുന്ന കഴക്കൂട്ടം ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ പുരോഗതിയിൽ കുട്ടികളുടെ

പഠനപ്രവർത്തന പുരോഗതിയും വിളിച്ചോതുന്ന നമ്മുടെ ഈ മാഗസിൻ ഇതിനാൽ സമർപ്പിക്കുന്നു

കൺവീനർമാർ (രശ്മി, ബബിത)






# ഉള്ളടക്കം


- ഇന്റർനെറ്റ് ഗുണവും ദോഷവും
- ദൈവത്തിന്റെ/ കുടിയന്മാരുടെ സ്വന്തം നാട്!
- സ്വപ്നത്തിലെ ദൃശ്യം
- ഓർമ്മച്ചെപ്പ്
- പ്രളയത്തെ തകർത്ത വിജയം
- വായനാക്കുറിപ്പ്
- നക്ഷത്രത്തിന്റെ കൈയ്യൊപ്പ്
- കഥയില്ലാ കടൽ
- ഞാൻ കണ്ട ആകാശം

# ഇന്റർനെറ്റ് ഗുണവും ദോഷവും

ലോകം മുഴുവൻ ഒരു മൗസ് ബട്ടണിൽ ഇന്റനെറ്റിന്റെ വരവോട് കൂടി ആ സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു.വിവരസങ്കേതികവിദ്യയുടെ ഉന്നതമായ സംഭാവനകളിൽ ഒന്നാണ് ഇന്റർനെറ്റ്.ആശയവിനിമയത്തിന്റെയും,അറിവിന്റെയും അപാരമായ സാദ്ധ്യതകൾ ജനസമക്ഷമെത്തിച്ച വിസ്മയകരമായ വലക്കണ്ണി.

കോടിക്കണക്കിനു കംപ്യൂട്ടറുകൾ ഇന്റർനെറ്റ് വഴി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.ആശയവിനിമയത്തിന് ദൂരവും സമയവും പ്രശ്നമായിരുന്ന കാലഘട്ടത്തിൽ നിന്നും മനുഷ്യൻ ഈ കണ്ടുപിടിത്തത്തോട് കൂടി വളരെ അധികം മുന്നോട്ട് പോയിരിക്കുന്നു.അനേകം ഉപകരണങ്ങൾ നൽകിയിരുന്ന സേവനങ്ങൾ ഈ ഒരു സാങ്കേതികവിദ്യയുടെ സഹായത്താൽ ഇന്ന് ഒരുമിച്ച് സാദ്ധ്യമാണ്.

ജയകൃഷ്ണൻ. യു. വി
**9. B**

# ദൈവത്തിന്റെ/കുടിയന്മാരുടെ സ്വന്തം നാട്!

നമ്മുടെ കേരളം അറിയപ്പെടുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് .എന്നാൽ അത് കുടിയന്മാരുടെ സ്വന്തം നാടായിക്കൊണ്ടിരിക്കുന്നു.ഇന്നത്തെ തലമുറയ്ക്ക് ഒരു ഫാഷൻ ആയിമാറിക്കൊണ്ടിരിക്കുകയാണ് മദ്യം. അത് മദ്യത്തെ ഫാഷനിൽ തുടങ്ങി ഒഴിവാക്കാൻ പറ്റാത്ത അവസ്ഥ വരെ എത്തിനിൽക്കുകയാണ്.മദ്യം നശിപ്പിക്കുന്നത് ഒരാളെയല്ല, മറിച്ച് സമൂഹത്തെ മുഴുവനാണ്.ഒരാൾ മദ്യപിക്കുന്നത് കാരണം ആ കുടുബത്തിന്റെ മുഴുവൻ സന്തോഷം കൂടിയാണ് നശിപ്പിക്കുന്നത്.

മദ്യം മനുഷ്യനെ മുഴുവനായി വിഴുങ്ങുന്ന ഒരു വിപത്താണ്.ആ വിപത്ത് ഇന്ന് വിദ്യാർത്ഥി സമൂഹത്തെയും വിഴുങ്ങിക്കൊണ്ടിരിക്കുന്നു.ഈ വിപത്തിനെ നാം പൂർണ്ണമായും തുടച്ചു മാറ്റേണ്ടതുണ്ട്.നമ്മുടെ സമൂഹം ഒന്നായി നിന്നാൽ മാത്രമേ അതിനു സാധിക്കുകയുള്ളൂ.അതാകട്ടെ ഇനി നമ്മുടെ ലക്ഷ്യം!

മുഹമ്മദ് നൗഫൽ.എൻ

**9B**

## സ്വപ്നത്തിലെ ദൃശ്യം

അറിയാതെ കാണുന്ന ചിത്രങ്ങളെ

എൻ പതിവാർന്ന ദൃശ്യങ്ങൾ സ്വപ്നമാക്കു....

അറിയാതെ നീങ്ങുന്ന വീചികൾ പോൽ

ആരും അറിയാതെ ശബ്ദതരംഗമാക്കു...

ഇതളാർന്ന എൻ മൗനവീചിയെ നീ,പതിവായി കേൾക്കാൻ

മടിക്കുന്നുവോ?

ഒഴുകുന്ന അരയന്നമായ് നീയെന്നെ

സദാ,

പതിവുള്ള ദൃശ്യമായ് മാറ്റുന്നുവോ.....

അറിയാതെ കാണാത്ത ചിത്രങ്ങളെ

നിൻ പതിവാർന്ന മൗനത്തെ വർണ്ണമാക്കു...

ആദിത്യ.എസ്.എസ്
ടാലന്റ് ക്ലബ്

# ഓർമ്മത്താളുകൾ...

















little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ ........LK/2018/43008........
ഗവ. ഹയർ സെക്കന്ററി സ്കൂൾ
കഴക്കൂട്ടം, തിരുവനന്തപുരം
0471 2418167




























# ഓർമ്മച്ചെപ്പ്

ഏകാന്തവീഥിയിൽ അശ്രുബിന്ദുവായ്
ഏതോ നിഴലിന്റെ താളത്തിൽ
ഓർമ്മകൾ തന്ന നീ
ഒരു നാളിൽ നീയെന്നെ വിട്ടുപോയി
ആത്മരോദനത്തിന്റെ തീ ചൂളയിൽ
ഞാനന്ന് അഗ്നിക്കിരയായ് വെന്തെരിഞ്ഞു
എത്ര ശ്രമിച്ചിട്ടും എത്ര തെരഞ്ഞിട്ടും
ആനന്ദം കിട്ടാക്കനിയായ് മാറി.
തമ്മിൽ ചിരിച്ചതും തല്ലു കൊള്ളിച്ചതും
രക്ഷകനായതും ഓർമ്മയായ്.
അന്നത്തിൻ വേളയിൽ ഞാൻ നിന്റെ
കുഞ്ഞു മനസ്സിനെ ഓർത്തുപോകും
അഴലിന്റെ ആഴത്തിൽ നീന്തിക്കരേറുമ്പോൾ
ഞാൻ കണ്ട സ്വപ്നമോ സത്യമായി
നിശ്വാസവായുവും ഉഛ്വാസവായുവും
നിന്നെ തനിച്ചാക്കി എങ്ങുപോയി ?

ശ്രീജ .എസ്സ്
യു. പി. എസ്. ടി

**പെൻസിൽ ഡ്രോയിങ്ങ് . ....................**



# പ്രളയത്തെ തകർത്ത വിജയം

പടിഞ്ഞാറൻ മാനം കറുത്തു തുടങ്ങി
ആകാശത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി
ആ കണ്ണിലെ കണ്ണുനീർ ഭൂമിയിലേക്ക് പതിച്ചു
അതിന് താളമായ് കാറ്റും തന്റെ വരവ് അറിയിച്ചു
പിന്നീട് ഇവ രണ്ടും ചേർന്ന് യുദ്ധക്കൊടുമ്പിരിയായി മാറി

പുഴയും, നദിയും, പറമ്പും, പാടവും
സർവ്വതും വെള്ളത്താൽ മുങ്ങി
അതാ... വീശുന്ന കാറ്റ്, അവയാൽ
മറിക്കുന്ന മരങ്ങളും, കുടിലുകളും
കണ്ടുനിൽക്കാൻ ആകാതെ മനുഷ്യൻ
നെട്ടോട്ടമായ്, വീടും, നാടും വിട്ട്
യാത്രതുടങ്ങി എങ്ങോട്ടെന്നില്ലാതെ
അതാ... എത്തുന്നു അഭയമായി വിദ്യാലയങ്ങൾ

## ഒപ്പം തന്നെ എത്തുന്ന

രാജ്യത്തിനു വേണ്ടി ജീവൻ സമർപ്പിച്ച്

സേനാഗംങ്ങളും,കാവൽപടയാളികളും

മാത്രമല്ല കടലോട് മല്ലടിക്കും സഹോ-

ദരങ്ങളും തോളോട് തോള്

ചേർന്ന് പ്രവർത്തിച്ച ഒന്നായി

ജീവൻ ത്യാജിച്ചുള്ള പരിശ്ര-

മത്തിനിടയിൽ നഷ്ടപ്പെട്ട

പലരെയും ഒടുവിൽ കൊയ്ത

വിജയത്തിൻ തലങ്ങൾ !

ബിസ്മി മോൾ . എൻ 9.B

*ഹാമിദ് ഹുസൈൻ 10 c*



# വായനാക്കുറിപ്പ്

യുറീക്ക കഥകൾ എഴുതിയത് പ്രൊഫ.കേശവൻ വെള്ളിക്കുളങ്ങരയാണ്.1994 നവംബർ 29-ന് തൃശ്ശൂർ ജില്ലയിലെ നെടുമ്പാളിൽ ജനിച്ചു.അദ്ദേഹത്തിന്റെ പ്രധാന ക്രതികൾ അത്ഭുതബാലൻ,ഉക്രേനിയൻ കഥകൾ,പതിനാലു ബാലകഥകൾ,അക്ഷരത്തോണി,പിണക്കവും ഇണക്കവും,ടെലിഫോണിന്റെ കഥകൾ തുടങ്ങിയവയാണ്.യുറീക്ക കഥകൾ എന്ന പുസ്തകം വളരെ അധികം ഇഷ്ടപ്പെട്ടു.കാരണം എല്ലാ കഥകളിലും ഒരോ ആശയങ്ങൾ ഉണ്ട്.ഇതിൽ എനിക്കിഷ്ടപ്പട്ട കഥ ഫ്യൂസില്ലെങ്കിൽ ലൈറ്റില്ലാ എന്ന കഥയാണ്.കാരണം അച്ഛൻ തന്റെ മകന് ഫ്യൂസിനെ കുറിച്ചും ലൈറ്റിനെ കുറിച്ചും മനസ്സിലാക്കി കൊടുത്തു.പിന്നെ ഇഷ്ട്പ്പെട്ട കഥയാണ് ഒരു സമരം ഒഴിഞ്ഞുപ്പോയി എന്ന കഥയാണ്.ചേട്ടനും

അനിയനും തമ്മിലെ വഴക്കാണ് ഈ കഥ.ചേട്ടന്റെ വാശിക്കുക്കാരണം അനിയൻ പറഞ്ഞു മണ്ണെണ്ണ വെള്ളതത്തിൽ പൊങ്ങി കിടക്കും എന്നും ചേട്ടൻ നേരെ തിരിച്ചും പറഞ്ഞു.പക്ഷേ ഈ വഴക്കിൽ ജയിച്ചത് അനിയനാണ്.പാവം ചേട്ടന്റെ മുഖം അപ്പോൾ മങ്ങി ഇതാണ് കഥ.1976 മെയ് മുതൽ 23 മാസം പ്രൊഫ.കേശവൽ വെള്ളിക്കുളങ്ങര യുറീക്കയുടെ പത്രാധിപരായിരുന്നു.

യുറീക്കയുടെ ചുമതല കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ വാർഷിക യോഗത്തിൽ വെച്ച് വിശ്വാസപൂർവ്വം അദ്ദേഹത്തെ ഏൽപ്പിച്ചു.1966 മുതൽ മാല്യങ്കര എസ്.എൻ.എം കോളേജിൽ അദ്ധ്യാപകനായിരുന്ന

*നഫ്ലിയ. ബി. എൻ*

*6 B*

# നക്ഷത്രത്തിന്റെ കൈയ്യൊപ്പ്

ആകാശത്തിന്റെ സിന്ദൂരപ്പൊട്ട് മഴയിൽ ഒലിച്ചുപോയി. എങ്ങും ഇരുട്ടുമൂടി, തെരുവോരങ്ങൾ അനാഥരായി, ശബ്ദങ്ങൾ അടങ്ങി, ചെറിയ ചീറ്റലും ഒച്ചയും മാത്രം. നക്ഷത്രങ്ങൾ നിറഞ്ഞ വാനത്ത് എന്നെ നോക്കിയിരിക്കുന്നതു കണ്ടില്ലേ.

അമ്മുമ്മേ; ഇന്ന ഞാൻ പള്ളിക്കൂടത്തിൽ പോകേണ്ടിയിരുന്നില്ല. എന്തിനാ എന്നോട് പോകാൻ പറഞ്ഞേ, എന്റെ ചങ്ങാതി ലില്ലി എന്നോട് പിണങ്ങി.

എന്തിനാന്ന ചോദിക്കുന്നില്ലേ ?

എന്താന്ന വച്ചാൽ ഞങ്ങൾ സംസാരിക്കുന്നതിനിടയിൽ അവൾ അവളുടെ മുത്തശ്ശിയെ കിഴവിയെന്നും, ഒരുപാട് മോശമായി മറ്റുപലതും പറഞ്ഞു. അവളതു പറഞ്ഞപ്പോൾ എനിക്കെന്റെ പാവം അമ്മൂമ്മയെക്കുറിച്ചാ ഓർമ്മ വന്നത്. ഞാനവളെ ഒത്തിരി വഴക്കുപറഞ്ഞു. അതിൽ അവൾ പരിഭവം പ്രകടിപ്പിക്കുകയും ചെയ്തു.

അല്ലെങ്കിലും ഞാനെന്തിനാ വഴക്കിടാൻ പോയത്, എന്നെ ഒറ്റയ്ക്കാക്കി പോയ അച്ഛന്റെയും അമ്മയുടെയും അടുത്തേയ്ക്ക് എന്നെ തനിച്ചാക്കി ദൈവത്തിന്റെ അടുത്താണെന്നും പറഞ്ഞ് പോയതല്ലേ?

എന്നോട് ആരും മിണ്ടണ്ട.

ഞാൻ ഇനി,നാളെ സ്കൂളിൽ പോകണോ?

എന്താ അമ്മൂമ്മേ, ചുമ്മാ മാനത്ത് നിന്ന എന്നെ നോക്കിക്കൊണ്ടു നിക്കണതല്ലാതെ ഒന്നും പറയുന്നില്ലല്ലോ.

അല്ലി;ഒരുപാട് നേരായല്ലോ മാനത്തോട്ട് മിഴിച്ച നിൽക്കാൻ തുടങ്ങിയിട്ട്,അമ്മായി പരിഭ്രാന്തയായി ഒച്ചയെടുത്തു.

അമ്മായീ, ഞാൻ വരുന്നു.

സൂര്യകിരണങ്ങൾ, പക്ഷികളുടെ കലപിലകൾ, പ്രഭാതത്തിന്റെ മോടി കൂട്ടി.

അവൾ രാവിലെ സ്കൂളിലേക്ക് പുറപ്പെട്ടു .

അല്ലീ, സ്കൂളിൽ പുതിയ മത്സരപരീക്ഷയുടെ ഫോം വന്നിട്ടുണ്ട് നീ അതിനെക്കുറിച്ച് അറിഞ്ഞില്ലേ ?

നാളെ ഈ ഫോം പൂരിപ്പിച്ചുകൊണ്ടുവരണം. ഒപ്പം രജിസ്ട്രേഷൻ ഫീസും.

ടീച്ചർ നാളെ തന്നെ ഞാൻ ഫോം പൂരിപ്പിച്ചുതരാം, അമ്മായി പൈസ തരും എന്ന് എനിക്ക് വിശ്വാസമുണ്ട് അവൾ വീട്ടിൽ ചെന്നു. അമ്മായിയോട് കാര്യംപറഞ്ഞു.

അമ്മായി വിസമ്മതിക്കുകയാണ്.അവളോടി സ്വന്തം മുറിയിലേക്കുകയറി.(അവൾ രാത്രിവരെ കരഞ്ഞു)

ജനലിലൂടെ അവൾ ആകാശത്തിന്റെ കറുത്ത മതിലുകളിൽ

നോക്കുകയായിരുന്ന അവൾക്ക് പ്രകാശമായി ഒന്നും തന്നെ കാണുന്നില്ലായിരുന്നു. അവൾ ടെറസിൽലേക്ക് ഓടി. ആകാശത്ത് ഒരു നക്ഷത്രം മാത്രമേ കണ്ടുള്ളു. അത് സ്വന്തം അമ്മുമ്മയാണ് എന്ന് വിശ്വസിക്കുന്നു. അവൾ കണ്ണുകൾ ഒരു ചഞ്ചലനിമിഷത്തേക്ക് അടച്ചു. കണ്ണുതുറന്നതും അവളുടെ കണ്ണുകളിൽ നക്ഷത്രത്തിന്റെ പ്രകാശമാണ് കണ്ടത്. അവൾ വിശ്വാസത്തോടെ മുറിയിലേക്ക് പോയി ഫോം നോക്കുകയാണ്.

പിറ്റേ ദിവസം കഴിഞ്ഞദിവസത്തെ കാര്യങ്ങൾ ഒന്നും നടന്നിട്ടില്ല എന്നതുപോലെ അമ്മായിയെ നോക്കി നിന്നു

(സ്കൂളിലേക്ക്)

ടീച്ചർ ഫോം ആവശ്യപ്പെടുന്നു. എല്ലാ കുട്ടികളും ഫോം കൊടുക്കുന്നു.

ടീച്ചർ, അല്ലി കരയുന്നത് എന്തിനാണെന്ന് ലില്ലിയിൽ നിന്ന് അന്വേഷിച്ചറിഞ്ഞു.

അല്ലിയെ സ്റ്റാഫ് വന്ന് ഹെഡ്മാസ്റ്ററിന്റെ റൂമിലേക്ക് കൂട്ടികൊണ്ടുപോയി. അല്ലി വിഷമത്തോടെ നിന്നു. " അല്ലിയെന്താ ഫോം പൂരിപ്പിക്കാത്തത് " എന്ന ഹെഡ്മാസ്റ്ററിന്റെ ചോദ്യത്തിന് ഉത്തരമായി ടീച്ചർ പ്രത്യക്ഷപ്പെട്ടു. അല്ലി പരീക്ഷ ഫോം പൂരിപ്പിച്ചുവെന്നും, അവളുടെ പൈസ ടീച്ചർ തരുന്നതുമാണെന്ന് അറിയിച്ചു. അല്ലി സന്തോഷത്തോടെ, പ്ര തീക്ഷയോടെ പരീക്ഷയെഴുതാനൊരുങ്ങി.

(വീട്ടിൽ) എന്നത്തേയുംപോലെ അവൾ അമ്മൂമ്മയെ കാണാൻ പുറത്തിറങ്ങി; ആകാശത്തിലെ നക്ഷത്രത്തിന്റെ പ്രകാശം അവളുടെ ടീച്ചറിൽ കണ്ടതായി അവൾക്കുതോന്നി

ആർച്ച. എ. 10. B



ശ്രീയേഷ്   10 c

# കഥയില്ലാ കടൽ

ഒരു കടൽ

സങ്കട കടൽ

അലമാലകളില്ല

എല്ലാം ശാന്തം, പക്ഷേ

കാതോർത്താൽ കേൾക്കാം

കടലാഴങ്ങളിൽ ആർത്തലക്കും

നോവിന്റെ ആരവം

പലയിടങ്ങളിൽ പിറന്ന്

പലതായ് ഒഴുകി

കഥയില്ലാ തുള്ളികൾ

കഥയറിയാ തുള്ളികൾ

ഒന്നായ് നിറഞ്ഞൊരീ

നോവാർന്നിരമ്പും

കണ്ണീർ കടൽ.

വീണ്ടുമൊരുനാൾ,

അല്ല പലനാൾ

കണ്ണീരിൻ കഥ തേടി

പിറവിതൻ പൊരുൾ തേടി

കരിമേഘ തുണ്ടായ് പിറന്ന്

പറന്നുയർന്ന്, പലതായ് പിരിഞ്ഞ്

പലനാളലഞ്ഞ്, ഒടുവിൽ

മഴയായ് പൊഴിഞ്ഞ്

കഥയില്ലാത്തവരായ്

കഥയറിയാത്തവരായ്

വീണ്ടുമെത്തുന്ന

കണ്ണീരുപ്പ് നിറഞ്ഞൊരീ

കഥയില്ലാ കടലിൽ

സങ്കട കടലിൽ

-മനോജ്. വി

യു. പി. എസ്. ടി

# ഞാൻ കണ്ട ആകാശം

*ഈ നക്ഷത്രങ്ങൾ ഞാൻ കണ്ടപ്പോൾ മൂന്ന് നക്ഷത്രങ്ങൾ നേർരേഖയിൽ സ്ഥിതി-ചെയ്യുന്നു. നേർരേഖയിൽ സ്ഥിതിചെയ്യുന്ന മൂന്ന് നക്ഷത്രങ്ങളെക്കാളും ചുറ്റും കൂടിനിൽക്കുന്ന നക്ഷത്രങ്ങൾ മിന്നിതിളങ്ങുന്ന കണ്ടു. അകലം പാലിച്ചാണ് അവ നിൽക്കുന്നത്.അവ ഭൂമിയോട് അടുത്താണ് സ്ഥിതിചെയ്യുന്നത്.*

*ഗായത്രി*

*6.B*

# അണിയറയിൽ

ജയകൃഷ്ണൻ. യു. വി

ബിസ്മി മോൾ. എൻ

ജിഷ്ണ. വിജയൻ

ശാലിനി. ഡി

സുമി. ജബ്ബാർ

മിഷേൽ. ഏൻജല. കുര്യൻ

*ശ്രീഹർഷ് എം. വി*

# വായിക്കൂ...
# വളരൂ...



# എസ്.പി.സി കേഡറ്റ്സ്





# എൻ.സി.സി കേഡറ്റ്സ്








SNEHAM
KANNAN'S
INN


STUDY TOUR 2018 19










കൈയ്യുറപ്പാവനാടക
കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ
ലഹരി വർജ്ജന മിഷൻ
വിമുക്തി
ജീവിതം തന്നെ ലഹരി
"ഈ ജന്മം അമൂല്യം"
9061178000
വിമുക്തി
കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ
ലഹരി വർജ്ജന മിഷൻ
ജീവിതം തന്നെ ലഹരി
ലഹരി വിരുദ്ധ
LYCEUM


KAZHAKU


സെപ്തംബർ 16
ഓസോൺ ദിനം
OZONE
ഓസോൺ പാളിയെ സംരക്ഷിക്കൂ.....
അത് നമ്മെ സംരക്ഷിക്കുന്നു.
THEME - OZONE DAY 2018
KEEP COOL AND CARRY ON !
The Montreal Protocol
GOVT HSS Kazhakuttom


ഓസോൺ പാളിക്ക് ദോഷകരമായ CFC പോലുള്ള വാതകങ്ങൾ നിയന്ത്രിക്കൂ
CFC പുറന്തള്ളപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കൂ
* 1994 ൽ യു.എൻ പൊതുസഭ ചേർന്നാണ് സെപ്തംബർ 16 ലോക ഓസോൺ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്
* ഇന്ത്യ ഉൾപ്പെടെ 201 രാജ്യങ്ങൾ 1987 സെപ്തംബർ 16ലെ മോൺട്രിയൽ ഉടമ്പടിയിൽ ഒപ്പു വച്ചിട്ടുണ്ട്.
ലോക ഓസോൺ ദിനം
സെപ്തംബർ 16
ഭൂമിയുടെ സംരക്ഷണ കവചമായ ഓസോൺ പാളിയിൽ സുഷിരങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്ന അസം-വസ്തുക്കളുടെ നിർമ്മാണവും ഉപയോഗവും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 1987 സെപ്തംബർ 16 ന് മോൺട്രിയോളിൽ ഒരു ഉടമ്പടി ഒപ്പ് വച്ചു.







# കടപ്പാട്

വിസ്മയത്തുമ്പത്ത് എന്ന ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.....

എഡിറ്റർ

# വിസ്മയത്തുമ്പത്ത്